## തിരുവനന്തപുരം സിറ്റി പോലീസ്

## പത്രക്കുറിപ്പ്

കോവിഡ്-19

# ക്വാറന്റൈൻ ലംഘനം- ഒരാൾക്കെതിരെ കേസ്സ്.

# നഗരത്തിലെ പുതിയ 15 കണ്ടയിൻമെന്റ് സോണുകൾ അടച്ചു.

## വിലക്ക് ലംഘനം: 197 പേർക്കെതിരെ നിയമ നടപടി 30,200/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:-നഗരത്തിൽ ഹോം ക്വാറന്റൈൻ ലംഘിച്ചതിന് ഒരാൾക്കെതിരെ കേസ്സെടുത്തു. കോവിഡ് പോസിറ്റീവായ ആര്യശാല സ്വദേശി 51 വയസ്സുകാരനെതിരെയാണ് ഫോർട്ട് പോലീസ് കേസ്സെടുത്തതെന്ന് ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. അതേ സമയം തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ പുതുതായി മൈക്രോ കണ്ടയിൻമെന്റ് സോണുകളായി പ്രഖ്യാപിച്ച 15 പ്രദേശങ്ങൾ അടച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. കൂടാതെ കോവിഡ് രോഗ വ്യാപനം അതിരൂക്ഷമായികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സിറ്റി പോലീസ് ഇന്നലെ (11-10-2020) നടത്തിയ പരിശോധനയിൽ വിലക്ക് ലംഘനം നടത്തിയ 197 പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചു. മാസ്ക് ധരിക്കാത്ത 131 പേരിൽ നിന്നും, സാമൂഹിക അകലം പാലിക്കാത്ത 20 പേരിൽ നിന്നുമായി 30,200/-രൂപ പിഴ ഈടാക്കുകയും ചെയ്തു.

## ക്വാറന്റൈൻ ലംഘനം: ഒരാൾക്കെതിരെ കേസ്സ്:

നഗരത്തിൽ ഹോം ക്വാറന്റൈൻ ലംഘിച്ചതിന് ഒരാൾക്കെതിരെ കേസ്സെടുത്തു. ആര്യശാല സ്വദേശി 51 വയസ്സുകാരനെതിരെയാണ് ഫോർട്ട് പോലീസ് കേസ്സെടുത്തത്. കോവിഡ് പോസിറ്റീവായ ഇയാൾ ആര്യശാലയിലുള്ള വീട്ടിൽ ക്വാറന്റൈനിൽ കഴിഞ്ഞുവരികയായിരുന്നു. ഹോം ക്വാറന്റൈനിൽ കഴിയുന്നവരെ ദിവസേന നിരീക്ഷിക്കുന്നതിന്റെ ഭാഗമായി പോലീസ് നടത്തിയ പരിശോധനയിൽ ഇയാൾ പുറത്തുപോയതായി കണ്ടെത്തുകയായിരുന്നു. തുടർന്ന് പോലീസ് അന്വേഷിച്ച് സമീപത്തെ ഒരു കടയുടെ പരിസരത്തുനിന്നും കണ്ടെത്തി, തിരികെ ക്വാറന്റൈനിൽ ആക്കുകയും, ഇയാൾക്കെതിരെ എപ്പിഡമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരവും കേരളാ പബ്ലിക്ക് ഹെൽത്ത് ആക്ട് പ്രകാരവും കേസ്സെടുക്കുകയും ചെയ്തു.

## പുതിയ കണ്ടയിൻമെന്റ് സോണുകൾ അടച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി.

തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ വാർഡുകളായ കിണവൂർ,മെഡിക്കൽകോളേജ്, മുട്ടട, ചെട്ടിവിളാകം, കുറവൻകോണം, നന്ദൻകോട്, കുന്നുകുഴി, പേരൂർക്കടയിലെ ആയൂർക്കോണം പ്രദേശം, കൊടുങ്ങാനൂർ, ഹാർബർ, കണ്ണംമൂല, തൈക്കാട്, ആറന്നൂർ, കരമന, പി.റ്റിപി. നഗർ, എന്നീ പ്രദേശങ്ങളിലേയ്ക്ക് കടന്നു വരുന്ന റോഡുകൾ അടച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഇവിടേയ്ക്ക് ആരെയും പ്രവേശിക്കാൻ അനുവദിക്കില്ല. മെഡിക്കൽ ആവശ്യങ്ങൾക്ക് അല്ലാതെ ആരെയും പുറത്തേക്ക് വിടുന്നതുമല്ല. മെഡിക്കൽ സ്റ്റോറുകൾ ഈ സോണിൽ തുറന്നു

പ്രവർത്തിക്കാം. അതുപോലെ പലചരക്ക്, പഴം-പച്ചക്കറി കടകൾ നിശ്ചിത സമയക്രമവും കർശന സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ച് പ്രവർത്തിക്കാവുന്നതാണ്. ഇവിടങ്ങളിൽ യാതൊരുവിധ ഹോം-ഡെലിവറിയും അനുവദിക്കുന്നതല്ല. അത്യാവശ്യ മെഡിക്കൽ സേവനങ്ങൾക്കായി മാത്രമേ പുറത്ത് പോകുന്നതിനും അകത്തേക്ക് വരുന്നതിനും അനുവദിക്കുകയുള്ളൂ.

കോവിഡ്-19 സുരക്ഷ- കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ ഇന്നലെ (11-10-2020) പോലീസ് നടത്തിയ പരിശോധനയിൽ 197 പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 24 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്തതിന് 131 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 20 പേരിൽ നിന്നുമായി 30,200/- രൂപ പിഴ ഈടാക്കി. സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര നടത്തിയ 2 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമ നടപടി സ്വീകരിച്ചു.

കോവിഡ് സമ്പർക്ക വ്യാപനം ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക്

ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി

11-10-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

11/10/20

OFFICE OF THE COMMISSIONER OF POLICE
Government of Kerala
THIRUVANANTHAPURAM CITY

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി